**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4534** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കിംഗ് മേഖലയുടെ ആധുനികവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കിംഗ് മേഖലയുടെ പരിവർത്തനവും ആധുനികവത്ക്കരണവും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ ബാങ്കിംഗ് മേഖലയുടെ പരിവർത്തനവും, ആധുനികവത്ക്കരണവും ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകൃതമാവുകയും, ആയതിലൂടെ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയുടെ പ്രധാന ഘടകമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കേരള ബാങ്ക്**<br><br>കേരളത്തിലെ 13 ജില്ലാ സഹകരണ ബാങ്കുകളും കേരളാ സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് 29.11.2019 കേരള ബാങ്ക് രൂപീകരിച്ചതിനെ തുടർന്ന് ഒക്ടോബർ 2021 IT ഇന്റഗ്രേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. 14 തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സംവിധാനങ്ങളെ ഏകീകൃതമായ ഒറ്റ സംവിധാനമായി മാറ്റുന്ന പ്രക്രിയ 2022 ഡിസംബർ 26-ന് പൂർത്തീകരിക്കുവാൻ സാധിച്ചു. നിലവിൽ കേരള ബാങ്ക് ടി സംവിധാനങ്ങളിലൂടെയുള്ള ഇടപാടുകൾ നടത്തുന്നതിനും, വിവിധ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ കേരളത്തിലെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും പ്രവർത്തന സജ്ജമായിട്ടുണ്ട്.<br><br>**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള പൊതു സോഫ്റ്റ് വെയർ** |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ എല്ലാ PACS ലും ഒരു ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതമായി 2024-25 സാമ്പത്തിക വർഷം 450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ബാങ്കിന്റെ കോർ ബാങ്കിങ് സംവിധാനവുമായി ബന്ധപ്പെടുത്തി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ആർ.റ്റി.ജി.എസ്./എൻ.ഇ.എഫ്.റ്റി., ഐ.എം.പി.എസ്., യു.പി.ഐ., മൊബൈൽ ബാങ്കിംഗ് എന്നീ സേവനങ്ങളുടെ അഭാവം പരമ്പരാഗത സഹകാരികൾ ഒഴികെയുള്ള ജനതയെയും യുവജനങ്ങളെയും ബാങ്കിംഗ് സേവനങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും അകറ്റി നിർത്തുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സേവനങ്ങൾ കൂടി ഈ രംഗത്ത് നടപ്പാക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | സഹകരണ മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും, RTGS, NEFT, IMPS, UPI മൊബൈൽ ബാങ്കിംഗ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നിലവിൽ കേരള ബാങ്ക് ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം പൂത്തീകരിക്കുകയും, ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ ഇടപാടുകാരിലേക്ക് എത്തിക്കുന്നതിനായി **KB Prime** കൂടാതെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ഉപയോഗിക്കുന്നതിനായി **KB Prime Plus** എന്നീ മൊബൈൽ ബാങ്കിംങ് ആപ്ലിക്കേഷനുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ആധുനിക ബാങ്കിംഗ് സംവിധാനങ്ങളായ IMPS, NEFT, RTGS, Mobile Banking, UPI, NACH, ATM, Micro ATM എന്നിവയിലൂടെ ഇടപാടുകൾ നടത്തുവാൻ നിലവിൽ സാധിക്കുന്നതാണ്. കൂടാതെ UPI സംവിധാനത്തിലൂടെ Google Pay, Paytm ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനവും പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതാണ്. ഇടപാടുകാർക്ക് BBPS സംവിധാനത്തിലൂടെ ബില്ലുകൾ അടയ്ക്കുന്നതിനുള്ള സംവിധാനവും മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടി ഡിജിറ്റൽ സേവങ്ങളിലൂടെ ഇടപാടുകളിൽ ഗണ്യമായ വർധനവുണ്ടാക്കാൻ കേരള ബാങ്കിന് സാധിച്ചിട്ടുണ്ട്. ബാങ്കിന്റെ KB Prime മൊബൈൽ ആപ്ലിക്കേഷൻ 2,08,000-ൽ അധികം ഇടപാടുകാർ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ KB Prime Plus മൊബൈൽ ആപ്ലിക്കേഷൻ 3820-ഓളം വിവിധ സംഘങ്ങളിലും ഉപയോഗിച്ച് വരുന്നു. ഇടപാടുകാർക്ക് സർക്കാറിന്റെ വിവിധ പദ്ധതിയിലൂടെയുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, IMPS, ATM, UPI തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള ഏകീകൃത സോഫ്റ്റ് വെയറിനായാണ് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (സി) | സഹകരണ ബാങ്കിംഗ് മേഖലയിൽ പ്രൊഫഷണലിസം കൊണ്ടു വരുന്നതിനായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബിൽ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ അംഗീകാരം നൽകുകയുണ്ടായി. ആയത് സർക്കാരിന്റെ 07.06.2024-ലെ 1829-ാം നമ്പറായി അസാധാരണ ഗസറ്റിൽ 2024-ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023, 07.06.2024 ലെ No.142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിന്റെ വകുപ്പ് 28(ജി) യിൽ “ഒരു സംഘത്തിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അധികാരത്തിലുള്ള കമ്മറ്റി, ഒരു വാണിജ്യ ബാങ്കിലോ കേരള സംസ്ഥാന സഹകരണ ബാങ്കിലോ ഒരു അർബൻ സഹകരണ ബാങ്കിലോ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലോ ഒരു പ്രാഥമിക സഹകരണ ഗ്രാമ വികസന ബാങ്കിലോ മുൻ ജില്ലാ സഹകരണ ബാങ്കിലോ പെയ്ഡ് സർവ്വീസിൽ ഉള്ളതോ ഉണ്ടായിരുന്നതോ അല്ലെങ്കിൽ ഒരു സർവ്വീസ് സഹകരണ ബാങ്കിൽ മാനേജർ കേഡറിലോ അല്ലെങ്കിൽ സഹകരണം/ |

| | | | |
|---|---|---|---|
| | | | സഹകരണ മാനേജ്മെന്റ്, മാനേജ്മെന്റ്, കൃഷി, സാമ്പത്തിക ശാസ്ത്രം, വാണിജ്യം, പബ്ലിക്ക് ഫിനാൻസ്, നിയമം, ഗ്രാമ വികസനം, വിവര സാങ്കേതികവിദ്യ എന്നിവയിൽ വൈദഗ്ദ്ധ്യമുള്ള രണ്ട് വ്യക്തികൾ അല്ലെങ്കിൽ പ്രതിനിധികളെ സംഘത്തിന്റെ കമ്മിറ്റിയിൽ അംഗങ്ങളായി കോ-ഓപ്റ്റ് ചെയ്യേണ്ടതാണ്" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>സമഗ്ര ഭേദഗതിയ്ക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ അദ്ധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിക്കുകയും കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ